# സ്ത്രീകളുടെ അവകാശം

aj@vazhi.org

“പ്രവാചകരേ, എൻെറ പിതാവ് എന്നെ സ്വന്തം സഹോദരപത്രന് കല്യാണം കഴിച്ചുകൊടുത്തിരിക്കുന്നു. എൻെറ സമ്മതമില്ലാതെയാണങ്ങനെ ചെയ്തത്. അദ്ദേഹത്തിന് അതിലെന്തോ താല്പര്യവുമുണ്ട്.” ഒരിക്കൽ ഒരു പെൺകുട്ടി പ്രവാചകൻ മുഹമ്മദിനോട് പറഞ്ഞു. അത് ശരിയാണോ എന്നറിയാൻ അദ്ദേഹം അവളുടെ പിതാവിനെ വിളിച്ചുവരുത്തി. മകൾ പറഞ്ഞത് ശരിയാണെന്ന് അയാൾ സമ്മതിച്ചു. തൻെറ വിവാഹം റദ്ദാക്കാൻ അവൾക്ക് സ്വാതന്ത്ര്യം നല്കിയിട്ട് പ്രവാചകൻ പറഞ്ഞു: കന്യകയുടെ വിവാഹത്തിന് അവളുടെ അനുവാദം ആരായൽ നിർബന്ധമാണ്. അവളുടെ മൗനം അനുവാദമായി കണക്കാക്കുന്നതാണ്.”

പെൺകുട്ടി പറഞ്ഞു: “എൻെറ പിതാവിൻെറ പ്രവൃത്തി ഞാൻ അംഗീകരിച്ചിരിക്കുന്നു. പക്ഷേ, ഇക്കാര്യത്തിൽ പിതാക്കൾക്ക് ഒരു അധികാരവുമില്ലെന്ന് സ്ത്രീകളെ പഠിപ്പിച്ചുകൊടുക്കലാണെൻെറ ഉദ്ദേശ്യം.”

പ്രവാചകൻെറ കാലത്ത് അറബിവനിതകളിൽ ഏതാനും പേർക്കേ അക്ഷരജ്ഞാനമുണ്ടായിരുന്നുള്ളൂ. അവരുടെ കൂട്ടത്തിൽ ബുദ്ധിമതിയായിരുന്നു ഉമ്മുശിഫാ ബിൻത് അബ്ദില്ല. പ്രവാചകൻ മുഹമ്മദ് അവരെ മറ്റു സ്ത്രീകൾക്ക് അധ്യാപികയായി നിശ്ചയിച്ചിരുന്നു. ഖലീഫാഉമറിൻെറ കാലത്ത് മദീനാ മാർക്കറ്റിൻെറ മേൽനോട്ടം അവർക്കായിരുന്നു. അവരവിടെ നിയമലംഘനങ്ങൾ തടയുകയും നീതി നടപ്പാക്കുകയും വിധി പ്രസ്താവിക്കുകയും ചെയ്തിരുന്നു. ആൺ-പെൺ വ്യത്യാസം അക്കാര്യത്തിൽ അവർ പരിഗണിച്ചിരുന്നില്ല. എന്തെങ്കിലും തരത്തിലുള്ള നിയന്ത്രണം ഖലീഫ അവരുടെ മേൽ ചുമത്തിയിരുന്നില്ല. അവരുടെ അഭിപ്രായസുബദ്ധതയുടെ പേരിൽ അദ്ദേഹം അവരെ പലവട്ടം ആദരിക്കുക പോലുമുണ്ടായി.

അജ്ഞാനകാലത്തെ അറബികൾ പെൺകുട്ടികളെ ജനിക്കാൻ അനുവദിച്ചിരുന്നു. ജനനശേഷമാണ് അവളെ അവർ ജീവനോടെ കുഴിച്ചുമൂടിയിരുന്നത്.

ഇന്ന്, നാം അവൾക്ക് ജനിക്കാനുള്ള അവകാശം പോലും നിഷേധിച്ചിരിക്കുന്നു. ഭ്രൂണത്തിൽ വെച്ചുതന്നെ അവളെ കൊല്ലുകയാണിന്ന്. അവളുടെ ജനന വാർത്ത കേൾക്കാനോ, അത്ര വലിയ ആവേശം ഇന്നില്ല.

ഇന്ത്യയെ സംബന്ധിച്ചിടത്തോളം സ്ത്രീയുടെ സാമൂഹികസുരക്ഷ സമൂഹത്തിൻെറ ബാധ്യതയാണ്. സ്ത്രീകളുടെ മാന്യതക്ക് വിഘാതമാകുന്ന പ്രവൃത്തികളിൽ ഏർപ്പെടരുതെന്ന് ഇന്ത്യൻ ഭരണഘടന 51(എ) അനുശാസിക്കുന്നുണ്ട്. വാക്കിലൂടെയും പെരുമാറ്റത്തിലൂടെയും സ്ത്രീകളെ വേദനിപ്പിക്കുന്നതും അപമാനിക്കുന്നതും ശിക്ഷാർഹമാണ്. അവളുടെ കുടുംബാംഗങ്ങളിൽനിന്നേല്ക്കുന്ന പീഡനങ്ങൾ പോലും ഇന്ത്യൻ ശിക്ഷാനിയമപ്രകാരം(498-എ) കുറ്റകരമാണ്.

സ്ത്രീയുടെ ഉന്നമനത്തിനായി പലവിധ നിയമനടപടികളുണ്ടായിട്ടും ആധുനികസമൂഹത്തിൽ സ്ത്രീകളുടെ നേരെയുള്ള അതിക്രമം വർധിച്ചുവരികയാണ്.

പീഡനത്തിന് അറുതിവരുത്തുന്നതിൽ എന്തുകൊണ്ട് നിയമം പരാജയപ്പെടുന്നു?

സദാചാരനിഷ്ഠമായ ഒരു സമൂഹികക്രമത്തെക്കുറിച്ചാലോചിക്കാതെ നിയമനിർമാണം നടത്തുന്നത് നിഷ്ഫലമാണ്. അതുകൊണ്ടാണ് ഖുർആൻ ഈവക കാര്യങ്ങൾ പിൽക്കാലക്കാരെ ഏല്പിക്കാതെ ആരോഗ്യകരമായ രീതിയിൽ, 14 നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ പരിഹരിച്ചത്.

എന്നാൽ, മുസ്‌ലിംസ്ത്രീയുടെ സാമൂഹികപദവി, അവളുടെ സ്വാതന്ത്ര്യം, സ്വത്തവകാശം, വസ്ത്രധാരണാരീതി, അവകാശങ്ങൾ, മുതലായ കാര്യങ്ങളിൽ ഗുരുതരമായ സംശയവും ആരോപണവും ഇന്ന് പലർക്കുമുണ്ട്. മിക്കപ്പോഴും ഖുർആനെതിരെയുള്ള ആരോപണത്തിനും അതിൻെ അധ്യാപനങ്ങളെ തെറ്റിദ്ധരിപ്പിക്കാനും പലരും അത് ഒരായുധമാക്കാറുണ്ട്.

മുസ്‌ലിംസ്ത്രീക്ക് മാന്യമായ അവകാശവും സ്വാതന്ത്ര്യവും വകവെച്ചുകൊടുക്കുന്നില്ല, കാലഘട്ടത്തിനനുസൃതമായ വസ്ത്രധാരണത്തിന് സ്വാതന്ത്ര്യമില്ല, പുറത്തിറങ്ങി ജോലി ചെയ്യാനുള്ള സ്വാതന്ത്ര്യമില്ല, ദായധനവിഭജനത്തിൽ അവളോട് അനീതി കാണിക്കുന്നു, എപ്പോൾ വേണമെങ്കിലും അവളെ മൊഴിചൊല്ലി പിരിച്ചയക്കാം, വ്യക്തി എന്ന നിലക്ക് അവളുടെ സ്വാതന്ത്ര്യത്തിനുമുണ്ട് പരിധി.... ഇങ്ങനെ പോകുന്നു ആക്ഷേപങ്ങൾ. വസ്തുതകളുമായി ഇവക്കൊന്നിനും യാതൊരു ബന്ധവുമില്ല.

ഒരു കാര്യം ആദ്യമേ സൂചിപ്പിക്കട്ടെ. മനുഷ്യർ അവരുടെ സൗകര്യത്തിനു വേണ്ടി കണ്ടെത്തിയ ചില സംഗതികളുണ്ട്. “പ്രയോഗാൽ സാധു” എന്നൊക്കെ നമുക്കതിനെ വിളിക്കാം. അവ പിന്നീട് നാട്ടുനടപ്പും തുടർന്ന് ആചാരത്തിൻെറ ഭാഗവുമായി മാറുകയുണ്ടായി. ഈ നടപ്പുശീലം ഒരു ആചാരക്രമത്തിലേക്ക് കടത്തിയാൽ പോലും അതിനെ ആ വ്യവസ്ഥയുടെ അടിസ്ഥാനമായി കാണുന്നത് ആരോഗ്യകരമല്ല. കാരണം, നാട്ടാചാരങ്ങളോ ജനങ്ങൾ തെറ്റായി അനുവർ ത്തിക്കുന്ന കാര്യങ്ങളോ ഒരു സംസ്കാരത്തിനും തെളിവാകുന്നില്ല.

മക്കയിൽ പ്രവാചകൻ മുഹമ്മദിൻെറ ആശയങ്ങളെ ബോധ്യപ്പെട്ട സമകാലികർക്കോ അദ്ദേഹത്തിൻെറ അനുചരന്മാരുടെ സമകാലികർക്കോ അനന്തര നൂറ്റാണ്ടിലുള്ളവർക്കോ ഇല്ലാതിരുന്ന ആരോപണങ്ങളാണ് ഇന്ന് മുസ്‌ലിംസ്ത്രീകൾക്കു വേണ്ടി ചിലർ ഉന്നയിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടു തന്നെ ഈ വിഷയം അല്പം വിശദീകരിക്കേണ്ടത് ആവശ്യമാണ്.

അതിനു മുമ്പ് ഖുർആനികവ്യവസ്ഥയനുസരിച്ച് സ്ത്രീ ആരാണ്, അവളുടെ ഉത്തരവാദിത്തങ്ങൾ എന്തൊക്കെ, പ്രവാചകൻ മുഹമ്മദിനു മുമ്പ് അവളുടെ അവസ്ഥ എന്തായിരുന്നു എന്നീ വിഷയങ്ങൾ കൂടി വിലയിരുത്തേണ്ടതുണ്ട്.

## *ആരാണ് സ്ത്രീ?*

ഖുർആനികവ്യവസ്ഥയുടെ വീക്ഷണത്തിൽ മനുഷ്യൻ ഏകദൈവത്തിന്റെ ഭൂമിയിലെ പ്രതിനിധി യാണ്. ഈ പദവി പുരുഷന് മാത്രം അർഹതപ്പെട്ടതല്ല. സ്ത്രീയും പുരുഷനെപ്പോലെ അതിനർ ഹയാണ്. കാരണം, മനുഷ്യൻ എന്ന പരമാർഥത്തിൽനിന്ന് അവൾ പുറത്തല്ലല്ലോ. സ്വതന്ത്ര അസ്തി ത്വമുള്ളവളാണവൾ. ഖുർആൻ അവളെ പുരുഷന്റെ "ഇണ" എന്നാണ് വിശേഷിപ്പിച്ചത്. ഇണകൾ പരസ്പരം തുല്യരാണ്. ഒരിക്കലും അംശമാകുന്നില്ല. അവൾക്കും പുരുഷനെപ്പോലെ സ്വാതന്ത്ര്യവും അവകാശങ്ങളുമുണ്ട് എന്നു സാരം. അതാർക്കും അവഗണിക്കാനോ നിരാകരിക്കാനോ അവകാശമില്ല.

പറഞ്ഞല്ലോ, സ്ത്രീയും ഭൂമിയിലെ ദൈവികപ്രതിനിധിയാണെന്ന്. അതിനാൽ തന്നെ ഈ ലോക ത്ത് അനുവർത്തിക്കേണ്ട പല ബാധ്യതകളും പുരുഷനെപ്പോലെ അവൾക്കുമുണ്ട്. എന്നാൽ അതിൽ പുരുഷന്റെ പ്രകൃത്യായുള്ള കായബലവും മാനസികാവസ്ഥയും പരിഗണിച്ചതുപോലെ സ്ത്രീയുടെ സ്ത്രൈണതയും മാനസികാവസ്ഥയും ഏകദൈവം പരിഗണിച്ചിട്ടുണ്ട്. അതിനാൽതന്നെ അവരുടെ ഉത്തരവാദിത്തങ്ങളിലും ഈ പരിഗണന പ്രകടമാണ്.

ഖുർആൻ സാമൂഹികമായ ഒട്ടേറെ പദവികൾ വകവെച്ചുകൊടുത്തു സ്ത്രീയെ ആദരിക്കുകയു ണ്ടായി. സമൂഹമെന്ന വാഹനത്തിന്റെ ഇരുചക്രങ്ങളിൽ ഒന്നാണ് സ്ത്രീ. അവളുടെ ഭാഗധേയം ഇല്ലാ താവുകയോ ന്യൂനത സംഭവിക്കുകയോ ചെയ്താൽ സമൂഹത്തിന്റെ സംതുലിതത്വത്തിനത് കോട്ടം വരുത്തും. അങ്ങനെ സംഭവിക്കാതിരിക്കാൻ തന്നെയാണ് ഖുർആൻ സ്ത്രീകളുടെ പദവിക്കും അവ ളുടെ അവകാശങ്ങൾക്കും സുരക്ഷക്കും വലിയ സംവിധാനം ചെയ്തിട്ടുള്ളത്.

എന്നാൽ, അവൾക്ക് അന്തസ്സുറ്റ പദവി വകവെച്ചുകൊടുക്കുന്നതിൽ ദൈവപ്രോക്തമല്ലാത്ത സം സ്കാരങ്ങളും പ്രത്യയശാസ്ത്രങ്ങളും പരാജയപ്പെടുകയോ അക്കാര്യം അവഗണിക്കുകയോ ആണ് ചെയ്തിട്ടുള്ളത്. ചുരുക്കത്തിൽ അവളും പുരുഷനെപ്പോലെ അവകാശവും ബാധ്യതകളും സ്വതന്ത്രാ സ്തിത്വവുമുള്ള മനുഷ്യൻ തന്നെയാണ്.

## *പ്രവാചകൻ മുഹമ്മദിനു മുമ്പ് അവളുടെ അവസ്ഥ*

പ്രവാചകൻ മുഹമ്മദ് മക്കയിൽ ആഗതനാകുന്നതിനു മുമ്പ് സ്ത്രീയുടെ സാമൂഹികാവസ്ഥ ഏറെ പരിതാപകരമായിരുന്നു. കുഞ്ഞായിരിക്കെ അവളെ ജീവനോടെ കുഴിച്ചു മൂടിയിരുന്ന കിരാത കാലഘട്ടത്തിൽനിന്നാണ് അദ്ദേഹം അവളെ ജീവിതത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും കൈപിടിച്ചുയർ ത്തിക്കൊണ്ടുവന്നത്. ആ ഉയർച്ചയിൽനിന്നാരംഭിക്കുന്നു അവളുടെ ഉന്നതി. മുന്നോട്ടുള്ള പ്രയാണ ത്തിലെ ഓരോ ചുവടുവെപ്പിലും ദൈവികദർശനം അവളെ സഹായിക്കുകയും അവളുടെ ഉന്നമന ത്തിനായി നിയമങ്ങൾ ആവിഷ്കരിക്കുകയും ചെയ്യുകയുണ്ടായി. അതൊന്നും ചരിത്രത്തിനജ്ഞാത മല്ല. ചില വിഷയങ്ങളെ നമുക്ക് പരിശോധിക്കാം.

## *സ്ത്രീസ്വാതന്ത്ര്യം*

ഈ ലേഖനാദ്യത്തിൽ ഒരു സംഭവം സൂചിപ്പിക്കുകയുണ്ടായി. സ്ത്രീയുടെ സ്വാതന്ത്ര്യത്തിനും അവ കാശങ്ങൾക്കും നേരെ ഒരുതരത്തിലുമുള്ള അവഗണനയും ഖുർആനികവ്യവസ്ഥ വെച്ചുപുലർത്തു ന്നില്ല എന്നു സൂചിപ്പിക്കാനാണത് പറഞ്ഞത്.

സ്ത്രീസ്വാതന്ത്ര്യം, സ്ത്രീ-പുരുഷസമത്വം എന്നിവയെ സംബന്ധിച്ച ഖുർആന്റെ കാഴ്ചപ്പാട് പരി ശോധിക്കുന്നതിനു മുമ്പ് പുരോഗതിയുടെ ഈറ്റില്ലമായ യൂറോപ്പും ഭൗതികപ്രത്യയശാസ്ത്രങ്ങളും സമീപ നൂറ്റാണ്ടുകളിൽ അവളുടെ നേരെ സ്വീകരിച്ച നിലപാട് എന്തായിരുന്നുവെന്ന് പരിശോധിക്കു ന്നത് നന്നായിരിക്കും. എങ്കിൽ മാത്രമേ അവളുടെ നേരെയുള്ള ഖുർആന്റെ സമീപനം എത്രമാത്രം ഉന്നതമാണെന്ന് ബോധ്യപ്പെടുകയുള്ളൂ.

സ്ത്രീക്ക് ആത്മാവുണ്ടോ, ഉണ്ടെങ്കിൽ അത് മനുഷ്യന്റേതോ മൃഗത്തിന്റേതോ എന്നു തർക്കി ച്ചിരുന്ന കാലമുണ്ടായിരുന്നു യൂറോപ്പിന്. അവൾക്കവിടെ ലഭിച്ചിരുന്ന പദവിയാകട്ടെ ഭോഗവസ്തു എന്ന നിലക്കുള്ളതായിരുന്നു.

ഫ്യൂഡലിസം കൊഴുത്തുനിന്നിരുന്ന കാലത്ത് സ്ത്രീ അജ്ഞതയുടെ ചേറിൽ കിടന്ന് നരകിക്കുക യായിരുന്നു. ഭോഗാസക്തിക്കും വെച്ചുവിളമ്പാനും വിഴുപ്പ് അലക്കാനുമുള്ള ഉപകരണം എന്നതിന പ്പുറം അവൾക്ക് ഒരു വിധത്തിലുള്ള സാമൂഹിക പദവിയും അവർ വകവെച്ചു കൊടുത്തിരുന്നില്ല.

വ്യാവസായിക വിപ്ളവാനന്തര നാളുകൾ അവളുടെ ജീവിതത്തിലെ കടുത്ത ദിനങ്ങളായിരുന്നു. സാമൂഹികജീവിതം സമൂലം പരിവർത്തനത്തിന് വിധേയമായി. കുടുംബഘടന താറുമാറായി. സ്ത്രീ കളും കുട്ടികളും തൊഴിൽശാലകളിൽ നിയോഗിക്കപ്പെട്ടു. അതോടെ കുടുംബബന്ധങ്ങൾ ശിഥില മായി. ജീവിതത്തിന്റെ സ്വാർഥപൂർണമായ ഇരുണ്ട ഇടനാഴികകളിലേക്ക് മനുഷ്യൻ എടുത്തെറി യപ്പെട്ടു. ആ തുരുത്തിൽ അവൻ ഏകനായിരുന്നു. ആരും ആരെയും തുണക്കാത്ത, അപരിചിതത്വം നിറഞ്ഞ ജീവിതമത്സര വേദി. അവിടെ ഓരോരുത്തനും സ്വന്തം ഉദരപൂരണത്തിന് മെയ്യുരുക്കുക യായിരുന്നു. സ്ത്രീയുടെ സംരക്ഷചുമതലയിൽനിന്ന് പുരുഷൻ മെല്ലെ തലയൂരി. അതോടെ അവൾക്ക് ജീവിതത്തിന്റെ കനത്ത ഭാരം ഏറ്റെടുക്കേണ്ടിവന്നു. മേനിക്കച്ചവടത്തിലേർപ്പെടുകയല്ലാതെ അവൾ ക്ക് നിർവാഹമില്ലായിരുന്നു. ഇതൊരു സൗകര്യമായി പുരുഷൻ ഉപയോഗപ്പെടുത്തി. ഈ സൗകര്യം, വിവാഹം, കുടുംബം എന്നീ വിശുദ്ധിയുടെ ചുമതല ഏറ്റെടുക്കുന്നതിൽനിന്ന് പുരുഷനെ വിമുഖനാക്കി. ഭാരമില്ലാത്ത സുഖാനന്ദമായിരുന്നു അവന് വേണ്ടത്. മറുവശത്ത് ഫാക്ടറികളിൽ ജോലി ചെയ്തി രുന്ന സ്ത്രീകൾ കടുത്ത സാമ്പത്തിക ചൂഷണത്തിനും വിധേയരായി. നീണ്ട മണിക്കൂറുകൾ അവൾക്ക്

പണിയേണ്ടിവന്നു. എന്നിട്ടും അവൾക്ക് നിശ്ചയിച്ചത്, സഹപ്രവർത്തകനായ പുരുഷൻേറതിനോളം അദ്ധ്വാനിച്ചിട്ടും തുഛ വേതനമായിരുന്നു.

അവളുടെ ഈ അവസ്ഥ മാറ്റിയെടുക്കാൻ ശബ്ദിക്കുന്ന ഒരാളും അവിടെ ഉണ്ടായിരുന്നില്ല. ഒരു വ്യവസ്ഥയും രംഗത്തുണ്ടായിരുന്നില്ല. യൂറോപ്പിൻെറ ഉന്നതമായ സമ്പദ്ഘടനയിൽപോലും അവൾക്ക് പരീക്ഷണത്തിൻെറ എരിതീയിൽ നീറിപ്പുകയേണ്ടിവന്നു.

ഒന്നാം ലോകമഹായുദ്ധം അരങ്ങേറിയതോടെ സ്ത്രീ അവളുടെ ചരിത്രത്തിലെ തീക്ഷ്ണമായ പരീക്ഷണത്തിന് വിധേയയായി. കാരണം, ലക്ഷക്കണക്കിന് ഭർത്താക്കന്മാരും പിതാക്കളുമാണ് മരണമടഞ്ഞത്. അംഗവൈകല്യം സംഭവിച്ചവർ അനവധി. മാറാരോഗികളായവർ ഒട്ടേറെ. കുടുംബവുമായി കൂട്ടംതെറ്റിയവർ അസംഖ്യം. ഈ സാഹചര്യത്തിൽ കുഞ്ഞുങ്ങളുടെയും വൃദ്ധമാതാപിതാക്കളുടെയും സംരക്ഷണത്തിനായി സ്ത്രീകൾക്ക് ഫാക്ടറികളിലേക്ക് പോകേണ്ടിവന്നു. അപ്പോഴും അവൾക്ക് നഷ്ടപ്പെട്ടത് തൻെറ ചാരിത്ര്യമായിരുന്നു. ഭക്ഷണത്തിനു പകരം ചാരിത്ര്യം എന്ന താഴ്ചയിലേക്ക് സമൂഹം അവളെ എടുത്തെറിഞ്ഞു. തൊഴിലുടമക്ക് അവളുടെ ശരീരത്തിൽ പൂർണാധികാരമുണ്ടായിരുന്നു. അതിനെതിരെ ശബ്ദിക്കാൻ അവൾക്ക് അവകാശമുണ്ടായിരുന്നില്ല. ജോലി ലഭിക്കണമെ ങ്കിൽ മേനിയും മാനവും പകരം നല്കണമെന്ന സമീപനം ബലപ്പെട്ടു.

സ്ത്രീക്ക് എല്ലാം നഷ്ടപ്പെട്ടു. സമൂഹം അവൾക്ക് ഒന്നും ബാക്കി വെച്ചിരുന്നില്ല. ഒടുവിൽ തൻെറ നേരെയുള്ള ചൂഷണത്തിനെതിരെ സ്ത്രീ സമരരംഗത്തേക്കിറങ്ങി. നിയമനിർമാണത്തിൻെറ പിൻബലത്തെപ്പറ്റി അവൾക്ക് ബോധ്യമായി. പാർലമെൻറ് പ്രാതിനിധ്യത്തിൻെറ സ്വാധീനത്തെക്കുറിച്ച് അവൾ ബോധവതിയായി. സ്ത്രീ തൻെറ അവകാശം നേടിയെടുക്കാൻ രംഗത്തിറങ്ങുകയായിരുന്നു.

ഇതായിരുന്നു പുരോഗതിയുടെ ഈറ്റില്ലമായ യൂറോപ്പിലെ സ്ത്രീയുടെ കഥ. അവകാശങ്ങൾ നേടിയെടുക്കുന്നതുപോകട്ടെ താനും മനുഷ്യനാണെന്ന് സമൂഹത്തെ ബോധ്യപ്പെടുത്താൻ വരെ അവൾക്ക് സമരമുറകൾ പ്രയോഗിക്കേണ്ടിവന്നു.

ഖുർആൻെറ വ്യവസ്ഥ ഇതിൽനിന്ന് തീർത്തും എതിർ ദിശയിൽ നിൽക്കുന്നു.

സാമൂഹികമായി അവളും മനുഷ്യാത്മാവ് തന്നെയാണെന്നും പുരുഷനെപ്പോലെ അവൾക്കും അവകാശങ്ങളും ബാധ്യതകളുമുണ്ടെന്നും അത് ലോകത്തെ പഠിപ്പിച്ചു. അതും ആയിരത്തിനാനൂറ് വർഷങ്ങൾക്കു മുമ്പ്. അത് വകവെച്ചുകൊടുക്കാൻ സമൂഹത്തെ ശക്തിയായി ഉപദേശിച്ചു.

അവളുടെ സ്വാതന്ത്ര്യത്തിന് നിബന്ധനകളോ ഉപാധികളോ അത് ചുമത്തുകയുണ്ടായില്ല. അതിനു മുമ്പിൽ തടസ്സങ്ങളും സൃഷ്ടിച്ചില്ല.

അവളുടെ മാന്യമായ ആവശ്യങ്ങൾക്ക് മാന്യമായ വസ്ത്രം ധരിച്ച് അവൾക്ക് പുറത്തിറങ്ങാം, വിദ്യനേടാം, ജോലിയിലേർപ്പെടാം, ധനം സമ്പാദിക്കാം, ചെലവഴിക്കാം, വിവാഹകാര്യത്തിൽ സ്വാഭിപ്രായമനുസരിച്ച് നടപടി സ്വീകരിക്കാം, വിവാഹബന്ധം റദ്ദാക്കാം, നീതിനിഷേധത്തിനെതിരെ നിയമപരമായി പോരാടാം, പള്ളികളിൽ പോകാം, കൂടെ രക്തബന്ധുക്കളുണ്ടെങ്കിൽ യാത്ര ചെയ്യാം, വിനോദത്തിലേർപ്പെടാം, സാമൂഹിക പ്രവർത്തനങ്ങളിൽ ഏർപ്പെടാം, സാഹിത്യരംഗത്ത് പ്രവർത്തിക്കാം, ഭരണകാര്യങ്ങളിൽ പങ്ക് വഹിക്കാം, പ്രസംഗിക്കാം, ആവശ്യമെങ്കിൽ സദസ്സുകളിൽ പങ്കെടുക്കാം, യുദ്ധരംഗത്തേക്ക് പോകാം, വ്യാപാരത്തിലേർപ്പെടാം..... ഇതൊക്കെ പ്രവാചകൻ മുഹമ്മദിൻെറ കാലത്തും നടപ്പിലുണ്ടായിരുന്നു.

ആറാം നൂറ്റിൽപോലും ഖുർആനികവ്യവസ്ഥ അവൾക്ക് വകവെച്ചുകൊടുത്ത ഔന്നിത്യം എത്രമേൽ ഉദാത്തമായിരുന്നു! മനുഷ്യൻ എന്ന നിലക്ക് പുരുഷനെപ്പോലെ എല്ലാ രംഗങ്ങളിലും കഴിവാർജിക്കാൻ അതവൾക്ക് അവകാശം നല്കുകയുണ്ടായി. യൂറോപ്പ് ഈയടുത്ത കാലത്താണ് അവൾക്കതിന് അനുവാദം നല്കിയത്.

മേൽ പറഞ്ഞ കാര്യങ്ങളൊക്കെ തൻെറ സാമൂഹികസുരക്ഷ സ്വയം ഉറപ്പ് വരുത്തി ക്കൊണ്ടാവണം സ്ത്രീ ചെയ്യുന്നത്. കാരണം, കാലവും സാഹചര്യങ്ങളും ദുഷിച്ചിരിക്കുന്നു. മാന്യമായി ജീവിക്കുന്നവരെപ്പോലും തെറ്റിലേക്ക് വലിച്ചിഴക്കുന്ന സാഹചര്യങ്ങളാണ് ഏറെയും. നിർഭയത്വം ഇല്ലാതായിരിക്കുന്നു. എട്ടുംപൊട്ടും തിരിയാത്ത പെൺകൊടികളെപ്പോലും കാമവെറി വെറുതെ വിടാത്ത കാലം. ഫെമിനിസത്തിൻെറ പേരിൽ നടക്കുന്നതാകട്ടെ കാടുകയറിയ, സ്ത്രീയെ വില്പനച്ചരക്കാക്കുന്ന പ്രവർത്തനങ്ങളും. ഇത്തരം സാഹചര്യങ്ങളിൽ അടക്കവും ഒതുക്കവും സൂക്ഷ്മതയുമാണ് നല്ലത്. കൈവിട്ടുപോകുന്നത് പെൺകുട്ടികളെ സംബന്ധിച്ചിടത്തോളം ജീവിതത്തോളം വലിയ മാനവും കുടുംബത്തെ സംബന്ധിച്ചിടത്തോളം അഭിമാനവും സ്വസ്ഥതയുമാണ്. ചാരിത്ര്യത്തിനും കുടുംബഭദ്രതക്കും ഖുർആൻ പരമാവധി പ്രാധാന്യം നല്കുന്നുണ്ട്. അതിനാൽ ഈ വിധത്തിലുള്ള സാഹചര്യങ്ങൾ ഒഴിവാക്കണമെന്ന് അത് സ്ത്രീകളെ ഉണർത്തി.

### *സ്ത്രീ-പുരുഷ സമത്വം*

സ്തീ എല്ലാ നിലക്കും പുരുഷന് തുല്യമാണ് എന്ന കാഴ്ചപ്പാടിനോട് ഖുർആൻ യോജിക്കുന്നില്ല. എന്നാൽ, മനുഷ്യസത്തയെന്ന നിലക്ക് സ്ത്രീക്കും പുരുഷനുമിടയിൽ സമ്പൂർണ സമത്വമാണ് അത് നിശ്ചയിച്ചിട്ടുള്ളത്. അതാകട്ടെ അവരുടെ പ്രകൃതിപരമായ പ്രത്യേകതകൾ മുമ്പിൽ വെച്ചാണെന്നു മാത്രം. ആ പ്രത്യേകതകൾ അവഗണിച്ചുകൊണ്ടുള്ള നടപടികൾ ഖുർആൻ എതിർക്കുന്നുമുണ്ട്. സമത്വം എന്നത് പ്രകൃതിയെ നിഷേധിച്ചുകൊണ്ടുള്ളതല്ല, അതിനെക്കൂടി ഉൾക്കൊണ്ടുള്ളതാണ്. ഓരോരുത്തരുടെയും അവകാശത്തെയും സ്വാതന്ത്ര്യത്തെയും ഖുർആൻ നിർണയിച്ചിട്ടുള്ളത് കുടുംബം, സമൂഹം എന്നിവയുടെ കെട്ടുറപ്പിനെ മുന്നിൽ കണ്ടുകൊണ്ടാണ്. ആ നിലക്ക് ഓരോരുത്തരുടെയും കഴിവിനും യോഗ്യതക്കും അനുസൃതമായ സമത്വവും അധികാരവും ഖുർആൻ അംഗീകരിക്കുന്നുണ്ട്.

പ്രസവം എന്നത് സന്താനധർമമാണ്. അത് സ്ത്രീയുടെ ഉത്തരവാദിത്തമായാണ് പ്രകൃതി നിശ്ചയിച്ചിട്ടുള്ളത്. മുലയൂട്ടലും അതെ. പുരുഷനത് സാധ്യമല്ല. ഓർമ ശക്തിയുടെയും മനോബലത്തിന്റെയും ശരീരശക്തിയുടെയും കാര്യത്തിൽ ഇതേ പരിമിതി സ്ത്രീകൾക്കുമുണ്ട്. മാസത്തിൽ നിശ്ചിത ദിവസം ആർത്തവസമയമായി അവൾ ഇരിക്കണം. അത്തരം കാര്യങ്ങൾ മുമ്പിൽ വെച്ചു കൊണ്ടാണ് ഖുർആൻ അവൾക്ക് ഉത്തരവാദിങ്ങളും നിർണയിച്ചിരിക്കുന്നത്.

സ്വതന്ത്ര അസ്തിത്വമുള്ളവരെന്ന നിലക്ക് സ്ത്രീകൾ അവരിൽ അർപ്പിതമായ പ്രവർത്തനങ്ങൾക്ക് ദൈവത്തിന്റെ മുമ്പിൽ ഉത്തരം പറയേണ്ടവരാണ്. രക്ഷാ-ശിക്ഷകൾ സ്വയം ഏല്ക്കേണ്ടവരും. ഖുർആൻ അക്കാര്യം സ്പഷ്ടമായി സൂചിപ്പിക്കുകയുണ്ടായി. അതോടൊപ്പം, തിന്മകളിൽനിന്ന് സ്വയം അക ന്നുനില്ക്കാനും നന്മ ചെയ്യാനും അവരും ബാധ്യസ്ഥരാണ്. വളരുന്ന തലമുറകളെ സംസ്കൃതരാക്കേണ്ട ഗുരുനാഥന്മാരുമാണല്ലോ അവർ.

കുടുംബത്തിന്റെ ശിക്ഷണവും സംസ്കരണവും സ്ത്രീയുടെ ബാധ്യതയായാണ് ഖുർആൻ നിശ്ചയിച്ചത്. അതൊരു നിസ്സാര ജോലിയല്ല. പുരുഷന്റെ പരുഷപ്രകൃതിക്കിണങ്ങാത്ത മേഖലയാണത്. അതുകൊണ്ടുതന്നെയാണ് സ്ത്രീയുടെ പ്രകൃതം മുൻനിറുത്തി അവളെ അക്കാര്യം ഏല്പിച്ചത്. ഇത് അവളുടെ സ്വാതന്ത്ര്യത്തിലുള്ള കൈകടത്തലല്ല. അവളുടെ നേരെയുള്ള പരിഗണനയും ആദരവുമാണ്.

സ്ത്രീയെ സ്വതന്ത്ര വ്യക്തിയായി അംഗീകരിച്ചുകൊണ്ടുതന്നെ അവളുടെ പ്രകൃതിക്കിണങ്ങുന്ന വിധത്തിൽ ഏല്പിച്ച ദൗത്യം അവൾ നിർവഹിച്ചപ്പോഴൊക്കെ ആരോഗ്യകരമായ സമൂഹം ജന്മമെടുത്തിരുന്നു. അവൾ അതിൽനിന്ന് പിന്തിരിഞ്ഞപ്പോഴൊക്കെ ദുശിച്ച സാമൂഹ്യഘടനയാണ് ഉടലെടുത്തത്.

എന്നാൽ കുടുംബ രംഗത്തേക്ക് വരുമ്പോൾ അവിടെ പുരുഷന്റെ മേൽനോട്ടമാണ് ദർശിക്കാൻ സാധിക്കുന്നത്. കാരണം വളരെ വ്യക്തമാണ്. സാമൂഹികമോ കുടുംബപരമോ ആയ ഉത്തരവാദിത്തങ്ങൾ നിർണയിച്ചത് സ്ത്രീക്കും പുരുഷനും തുല്യമായിട്ടാണ്. എന്നാൽ ഭിന്ന സാഹചര്യങ്ങളിൽ വളർന്ന രണ്ടു പേരുള്ള ഒരു കുടുംബത്തിൽ വഴക്കുകൾ ഉണ്ടാവുക സ്വാഭാവികമാണ്. അത്തരം സാഹചര്യത്തിൽ കുടുംബപരമായ കാര്യങ്ങളിൽ അധികാരം നിർണയിച്ചില്ലെങ്കിൽ പ്രശ്നം കൂടുകയാണ് ചെയ്യുക. അത് തടയുകയാണ് പുരുഷനെ കുടുംബനാഥനായി നിശ്ചയിച്ചുകൊണ്ട് ഖുർആൻ ചെയ്തത്. ഈ നിർണയത്തിന് കാരണം പുരുഷന്റെ കായികബലവും ബുദ്ധിപരമായ ശേഷിയുമാണ്. കുടുംബസംരക്ഷണത്തിന് അനിവാര്യമാണല്ലോ കായികബലം.

സ്ത്രീ-പുരുഷസമത്വത്തിന്റെതായ ശബ്ദം ഇതുകൊണ്ടും അവസാനിക്കുകയില്ല. ബാധ്യതകളിൽ വ്യത്യാസമുണ്ടെന്ന് സൂചിപ്പിപ്പോൾ തന്നെ അതിന്റെ വർഗീകരണത്തിന് അവളുടെ ശരീര ഘടനയെ സംബന്ധിച്ചും സൂചിപ്പിക്കുകയുണ്ടായി. ജീവശാസ്ത്രപരമായ കാര്യങ്ങളിലും മാനസികാവസ്ഥയിലുമുള്ള അന്തരം പരിഗണനീയമല്ലെങ്കിൽ ഈ ചർച്ചക്ക് ഫലം കാണില്ല. അതല്ല പരിഗണനീയമാണെങ്കിൽ ചില കാര്യങ്ങൾ സൂചിപ്പിക്കട്ടെ.

മനുഷ്യൻ, സമൂഹജീവി എന്നീ നിലകളിൽ സ്ത്രീ പുരുഷന് തുല്യമാണെന്ന് സൂചിപ്പിച്ചു. പക്ഷേ, മാനസികമായ സംവിധാനമാണ് ഉത്തരവാദിത്ത നിർവഹണത്തിലെ മുഖ്യഘടകം. അതില്ലാതെ ശാരീരികമായ കൃത്യം സാധ്യമാകില്ല. അതിനാൽ തന്നെ അവളെ പുരുഷനിൽനിന്നും വ്യത്യസ്തമായ മാനസിക ഘടനയോടു കൂടിയാണ് സൃഷ്ടിച്ചിട്ടുള്ളത്. അതവളുടെ ഉത്തരവാദിത്തം മുമ്പിൽ കണ്ടുകൊണ്ടുള്ളതാണ്. അതിനാലാണ് കുഞ്ഞുങ്ങളുടെ പാലനം അവൾക്ക് മാത്രം സാധിക്കുന്നത്. അതിനുതക്ക വിധത്തിലുള്ള തരള ഹൃദയമാണവളുടേത്. കുഞ്ഞിനു വേണ്ടി അവൾ ഉറക്കമിളക്കുന്നതു പോലെ ഏത് അഛനാണ് ഉറക്കം കളയുക?

ചുരുക്കത്തിൽ പ്രകൃതിക്കന്യവും നടക്കാത്തതുമായ സമത്വവികാരം ഖുർആൻ അംഗീകരിക്കുന്നില്ല. ഏതു രംഗത്തായാലും പ്രായോഗികതയാണ് അതംഗീകരിക്കുന്നത്. പ്രകൃതിപരമായ സ്ത്രീ-പുരുഷ വൈജാത്യം അത് കണക്കിലെടുക്കുന്നുണ്ട്. ഈ വൈജാത്യത്തിലാണ് ജീവിതത്തിന്റെ സംതുലിതത്വം നിലനില്ക്കുന്നത്. ഈ പ്രകൃതിനിയോഗം അംഗീകരിക്കാതെയാണ് സമത്വസങ്കല്പമെങ്കിൽ അത് ബുദ്ധിശൂന്യതയാണ്.

*വിവാഹരംഗം*

6-ാം നൂറ്റാണ്ടിനും അതിനു മുമ്പും അറിയപ്പെട്ട പല സംസ്കാരങ്ങളിലും വിവാഹത്തിൽ സ്ത്രീക്ക് യാതൊരു തിരഞ്ഞെടുപ്പവകാശവും അനുവദിക്കാത്ത കുടുംബ ചുറ്റുപാടായിരുന്നു നിലനിന്നിരുന്നത്. തന്നെ തന്റെ പിതാവ് കൈപിടിച്ചേല്പിക്കുന്ന പുരുഷന്റെ കൂടെ അയാൾക്ക് ഇഷ്ടപ്പെടുന്ന കാലമത്രയും പൊറുക്കുക എന്നതിൽ കവിഞ്ഞ വൈവാഹികാവകാശമൊന്നും അവൾക്ക് സങ്കല്പിക്കാനാകുമായിരുന്നില്ല. വിവാഹമൂല്യത്തെ സംബന്ധിച്ച് അവളുടെ അവകാശവും പരിഗണനീയമായിരുന്നില്ല. യൂറോപ്പിലും സ്വകാര്യ ലൈംഗികത അനുവദിക്കാത്ത രാജ്യങ്ങളിലും സ്വതന്ത്രവും വിശുദ്ധവുമായ വൈവാഹിക ജീവിതം സ്ത്രീക്ക് അപ്രാപ്യമായിരുന്നു.

ഈ അവസ്ഥകളെ ഖുർആൻ തുടച്ചുമാറ്റി, വിവാഹം സ്ത്രീയുടെ അവകാശമായി പ്രഖ്യാപിച്ചു. തന്റെ ഇഷ്ടപ്രകാരമല്ലാതെ അവളെ ആർക്കും വിവാഹം കഴിച്ചുകൊടുക്കാൻ പാടില്ല എന്ന് അത് വിധിച്ചു. അതും അവൾ ഇഷ്ടപ്പെട്ട പുരുഷനു മാത്രം. വിവാഹഉടമ്പടി തയാറാക്കുന്നതിലും അത് നിലനിറുത്തുന്നതിലും കുടുംബഘടനക്ക് സവിശേഷമായ സ്ഥാനമുണ്ട്. എന്നാൽ ഈ രീതിയെ പാശ്ചാത്യർ ഒരിക്കലും അംഗീകരിക്കുന്നില്ല. അത് വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുന്നു എന്നാണവരുടെ വാദം.

വിവാഹം സാധുവാകണമെങ്കിൽ മാന്യമായ വിവാഹമൂല്യം അവൾക്ക് നല്കണമെന്ന് ഖുർആൻ കർശനമായി കല്പിച്ചു. അതിന്റെ അവകാശി അവൾ മാത്രമായിരിക്കും. അതിൽ അല്പത്തിനു

പോലും അവളുടെ പിതാവോ ഭർത്താവോ മറ്റു ള്ളവരോ അർഹരായിരിക്കില്ല, സ്ത്രീ സ്വയം അനുവദിക്കാത്ത കാലത്തോളം. അത് ഒരിക്കലും കടമായി നീട്ടിവെക്കാവതുമല്ല. ദാമ്പത്യം ബന്ധം ആരംഭിക്കുന്നതിനു മുമ്പു തന്നെ വിവാഹമൂല്യം നല്കണം. വിവാഹം എന്ന കരാർ നിലവിൽവരുന്നത് അത് നല്കുമ്പോൾ മാത്രമാണ്. ഒരാൾക്ക് അത് നല്കാനാകാത്ത പക്ഷം സമൂഹം അയാളെ അക്കാര്യത്തിൽ സ്വയം പര്യാപ്തനാക്കുകയും സ്ത്രീയുടെ കൂടെ കുടുംബജീവിതം നയിക്കാൻ സഹായിക്കുകയും വേണം. എന്നു പറഞ്ഞാൽ വിവാഹമൂല്യം സ്ത്രീയുടെ അവകാശവും വിവാഹമെന്ന കരാറിൻെറ കാതലായ വശവുമാണെന്നു സാരം.

*വിവാഹമോചനം*

ഖുർആൻെറ വീക്ഷണത്തിൽ വിവാഹമോചനം അത്ര എളുപ്പമുള്ള നടപടിയല്ല. വസ്ത്രം മാറുന്ന ലാഘവത്തിൽ കൈകാര്യം ചെയ്യേണ്ട ഒന്നല്ല അത്. വളരെ കർക്കശമായ സമീപനമാണ് ഖുർആനിന് തദ്വിഷയകമായിട്ടുള്ളത്. എന്നാൽ അത് മാനിക്കാതെയാണ് ജനങ്ങൾ പലപ്പോഴും ഈ വിഷയം കൈകാര്യം ചെയ്യാറുറുള്ളത്. അതിന് ദൈവിക ദർശനത്തെ പഴിക്കുന്നതിൽ അർഥമില്ല.

വിവാഹമെന്ന സ്ഥാപനം ഒരു നിലക്കും മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കില്ല എന്ന ഘട്ടത്തിൽ മാത്രം, ഉഭയകക്ഷി സമ്മതത്തോടെ ഉപയോഗിക്കാൻ ഖുർആൻ നിശ്ചയിച്ച രീതിയത്രെ ത്വലാഖ് അഥവാ വിവാഹമോചനം. അത് ഒറ്റയടിക്കല്ല നടപ്പിലാക്കേണ്ടത്. ഒരു സ്ഥാപനം മുൻപോട്ടുകൊണ്ടു പോകേണ്ട ക്ഷമയും പ്രയാസങ്ങളുമൊക്കെ ദാമ്പത്യജീവിതം മുൻപോട്ടു കൊണ്ടുപോകാനും ആവശ്യമാണ്. ദമ്പതികൾക്കിടയിൽ പ്രശ്നങ്ങളുണ്ടാകുമ്പോൾ അവരുടെ കുടുംബങ്ങൾ ഒന്നിച്ചിരുന്ന് അതിന് പരിഹാരമാരായുക തന്നെ വേണം. എന്നിട്ടും ഒരുവിധത്തിലും മുന്നോട്ടുപോകില്ല എന്ന ഘട്ടത്തിൽ മാത്രമാണ് വിവാഹമോചനത്തെ പറ്റി ആലോചിക്കാവൂ എന്ന് ഖുർആൻ ആവശ്യപ്പെടുന്നു. സ്ത്രീയെ സംബന്ധിച്ചിടത്തോളം ഗർഭിണി അല്ലാത്ത സമയത്തു മാത്രമാണ് വിവാഹമോചനം സാധുവാകുകയുള്ളൂ.

വിവാഹമോചനത്തെ തുടർന്ന് സ്ത്രീ വീടൊഴിഞ്ഞു പോവുക എന്ന പ്രവണത ഖുർആൻ അംഗീകരിക്കുന്നില്ല. മൂന്ന് ശുദ്ധികാലം അവൾ ഭർത്താവിൻെറ വീട്ടിൽ താമസിക്കണം. അതിനിടയിൽ ദമ്പതികൾക്ക് മാനസാന്തരമുണ്ടായാൽ അവർക്ക് വീണ്ടും ദാമ്പത്യജീവിതം തുടരാനാണിത്.

വൈവാഹികജീവിതത്തിലെ ഈ അവകാശം പുരുഷനു മാത്രമുള്ളതല്ല. ഒരു നാണയത്തിൻെറ ഭാഗമെന്നപോലെ സ്ത്രീയുടെ പങ്കും ഒഴിച്ചുകൂടാനാകാത്തതാണ്. തൻെറ ഭർത്താവിൻെറ കൂടെ ഒരു നിലക്കും ഒത്തുപോകാൻ സാധിക്കില്ല എന്ന് സ്ത്രീക്ക് ബോധ്യപ്പെട്ടാൽ പുരുഷനെപ്പോലെ അവൾക്കും വിവാഹമോചനം തേടാവുന്നതാണ്. സ്ത്രീയുടെ ഭാഗത്തുനിന്നും മുൻകൈയെടുത്തുള്ള വിവാഹമോചനത്തിന് വിവാഹബന്ധം റദ്ദാക്കൽ എന്നു പറയുന്നു.

വിവാഹമോചനമായാലും റദ്ദാക്കലായാലും ഇരുപക്ഷത്തുമുള്ള കാരണങ്ങൾ സാധുവായിരിക്കണം. അതിന് ഖുർആൻ നിശ്ചയിച്ച കാരണങ്ങൾ തികച്ചും ന്യായയുക്തമാണ്. ഏതെങ്കിലും വിധത്തിൽ പരിഹരിക്കാനാകുന്ന പ്രശ്നങ്ങളിലുള്ള വിവാഹമോചനമോ റദ്ദാക്കലോ അത് അംഗീകരിക്കുന്നില്ല.

പ്രജനന ശേഷിയില്ലായ്മ ഒരു വിഷയമാണ്. സ്ത്രീയുടെ പക്ഷത്താണ് ഈ തകരാറെങ്കിൽ അവളെ പിരിച്ചയച്ച് രണ്ടാമതൊരു വിവാഹബന്ധത്തിൽ ഏർപ്പെടുകയാണ് പുരുഷൻ ചെയ്യാറുള്ളത്. എന്നാൽ പുരുഷന് തുല്യനീതിയോടെ രണ്ടു സ്ത്രീകളെ സംരക്ഷിക്കാൻ സാധിക്കുമെങ്കിൽ വിവാഹമോചനമല്ല, പുരുഷൻ മറ്റൊരു വിവാഹബന്ധത്തിൽ ഏർപ്പെടുകയാണ് വേണ്ടത്. അതിന് സാധിക്കാതെ വരുമ്പോഴാണ് വിവാഹമോചനത്തെപ്പറ്റി ചിന്തിക്കാവൂ. ഒരുവിധ സ്വാധീനമോ നിർബന്ധമോ അവിടെ പാടില്ല.

ഒരിക്കലും ഭേദമാകില്ലെന്ന് വൈദ്യശാസ്ത്രം വിധിയെഴുതിയ ഭ്രാന്ത്, അറപ്പുളവാക്കുന്ന മാറാരോഗങ്ങൾ, ഒരു ഉപദേശത്തിനും വഴങ്ങാത്ത തരത്തിലുള്ള സ്വഭാവദൂഷ്യം, ജാരസമ്പർക്കം പോലുള്ള അടിസ്ഥാന വിഷയങ്ങൾ എന്നിവയിലാണ് വിവാഹമോചനവും റദ്ദാക്കലും സാധുവാകുകയുള്ളൂ.

*സമ്പാദിക്കാനുള്ള അവകാശം*

പുരുഷനെപ്പോലെ സ്ത്രീക്കും അധ്വാനിക്കാനും സമ്പാദിക്കാനുമുള്ള അവകാശമില്ലേ? പരിഷ്കൃത യൂറോപ്പ് അടുത്ത കാലം വരെ അവൾക്കതിനുള്ള അവകാശം നല്കിയിരുന്നില്ല. കാരണം, അവരുടെ വീക്ഷണത്തിൽ അവൾ സ്വതന്ത്രാസ്തിത്വമുള്ളവളായിരുന്നില്ല. സാമ്പത്തികമായ അവകാശം ഇല്ലാതിരുന്നതിനാൽ കമ്യൂണിസം പോലുള്ള പ്രത്യയശാസ്ത്രങ്ങൾ അവളെ അംഗീകരിച്ചതുമില്ല.

എന്നാൽ ഖുർആൻ സ്ത്രീ സമ്പാദിക്കുന്നതിന് ഒരിക്കലും എതിരല്ല. അക്കാര്യം നേരത്തെ സൂചിക്കുകയുണ്ടായി. പക്ഷേ, അധ്വാനത്തിനുള്ള അടിസ്ഥാനം കുടുംബപരിപാലനമാണ്. എന്നാൽ ആ ഭാരം ഒരിക്കലും ഖുർആൻ സ്ത്രീയുടെ മേൽ കെട്ടിയേല്പിക്കുന്നില്ല. അത് പുരുഷൻെറ ജോലിയാണ്. സ്ത്രീയാകട്ടെ, പുറത്തിറങ്ങിയുള്ള ജോലിയെ സംബന്ധിച്ചിടത്തോളം അവളുടെ പ്രകൃതി അതിന് യോജിച്ചതുമല്ല. കുടുംബപരിപാലനം എന്ന മഹത്തായ കൃത്യമാണ് അവളുടെ ഉത്തരവാദിത്തം. എന്നാൽ കുടുംബനാഥൻെറ അഭാവം പോലുള്ള അനിവാര്യമായ സാഹചര്യങ്ങളിൽ മാത്രമാണ് അവൾക്കതിന് അനുവാദമുള്ളത്.

യൂറോപ്പിലും കമ്യൂണിസ്റ്റ് നാടുകളിലും അതായിരുന്നില്ല സ്ഥിതി. സ്ത്രീ പുറത്തുപോയി ജോലിയെടുക്കൽ സമൂഹഘടനയിലെ അടിസ്ഥാനാശയമായിരുന്നു അവർക്ക്.

മനസ്സിലാക്കേണ്ട മറ്റൊരു വശം അതിനുണ്ട്. കുടുംബമാണ് സമൂഹത്തിൻെറ അടിസ്ഥാനം. സംസ്കൃതമായ കുടുംബപശ്ചാത്തലത്തിൽനിന്നേ ഉത്തമരായ ആളുകൾ ഉണ്ടാവുകയുള്ളൂ. അവർക്കാണ് മാതൃകായോഗ്യമായ സമൂഹനിർമിതിക്ക് സാധിക്കുകയുള്ളൂ. പ്രകൃതി ആരിലാണോ ഗർഭധാര

ണവും മുലപ്പാലൂട്ടലും നിക്ഷേപിച്ചിട്ടുള്ളത് അവൾക്കാണ് അതിന് യുക്തിപരമായും നൈസർഗിക മായും സാധിക്കുകയുള്ളൂ. ഇത് നിഷേധിച്ചിട്ടു കാര്യമില്ല. കുടുംബപരിപാലന കാര്യത്തിൽ സ്ത്രീ പിറകോട്ടു പോയ സമൂഹത്തിലൊക്കെ അതിൻെറതായ തകരാറുകളും പ്രകടമാണ്. നിർവാഹമു ണ്ടെങ്കിൽ പുറത്തിറങ്ങി അധ്വാനിക്കുന്നതിനെക്കാൾ കടമ സ്ത്രീ തൻെറ സന്താനങ്ങളുടെ സംസ്ക രണകൃത്യം ശ്രദ്ധിച്ച് അവരെ നന്നായി വളർത്തുന്നതിലാണ്. അനിവാര്യസാഹചര്യങ്ങൾ ഉണ്ടാവാം എന്ന കാര്യം നിഷേധിക്കുന്നില്ല. അതിന് ഖുർആനികവ്യവസ്ഥയും എതിരല്ല. പക്ഷേ, തൻെറ മാന്യ തയും സുരക്ഷയും സ്വയം ഉറപ്പ് വരുത്താൻ സ്ത്രീക്ക് സാധിക്കണമെന്നുമാത്രം. അതിനുതകുന്ന രീതിയിലുള്ള സമീപനവും സ്വഭാവവും വസ്ത്രധാരണാരീതിയും സ്ത്രീ സ്വയം ഉൾക്കൊള്ളകുയും പാലിക്കുകയും വേണം. കൊഞ്ചിക്കുഴഞ്ഞുള്ള സമീപനമാണ് പുരുഷന്മാരെ ആകർഷിക്കുന്നതും ഒടു വിൽ അനാരോഗ്യകരമായ അവസ്ഥയിലോളം കാര്യങ്ങൾ എത്തിക്കുകയും ചെയ്യുന്നത്. അതുകൊ ണ്ടാണ് ആഭാസകരമായ വേഷവിധാനങ്ങളും പരപുരുഷന്മാരുമായുള്ള അനാവശ്യ കൂടിക്കലരലും പ്രൗഢി പ്രകടമാക്കിക്കൊണ്ടുള്ള പുറംയാത്രയും ഖുർആൻ വിലക്കാൻ കാരണം. ഇന്ന് ഈവക കാര്യ ങ്ങളെല്ലാം സമൂഹത്തിന് ഏറെ ബോധ്യപ്പെട്ടിട്ടുണ്ടാകാം.

ദാരിദ്ര്യത്തിൻെറ പേരിൽ സ്ത്രീ പുറത്തിറങ്ങി തൊഴിലെടുക്കുന്നതിനെ ഖുർആനികവ്യവസ്ഥ അനുകൂലിക്കുന്നത് സാഹചര്യം പരിഗണിച്ചുകൊണ്ടാണെന്ന് സൂചിപ്പിച്ചു. സമൂഹത്തിലെ എല്ലാ സ്ത്രീ കളും തൊഴിൽശാലകളിലേക്ക് പോയതുകൊണ്ട് പ്രശ്നം തീരുന്നില്ല. ദാരിദ്ര്യനിർമാർജനത്തിനുതകുന്ന സാമൂഹികക്രമം കെട്ടിപ്പടുക്കാതെ തൊഴിലാളികളുടെ എണ്ണം കൂട്ടുന്നതിൽ അർഥമൊന്നുമില്ല. വിഷ യം വ്യവസ്ഥിതിയുടെതാണെന്നു സാരം.

ഒരു ഏകദൈവ വിശ്വാസി തൻെറ ജീവിതത്തിൽ ഏറ്റവും അധികം കടപ്പെട്ടത് തൻെറ മാതാവി നോടാണെന്ന് ഖുർആനികവ്യവസ്ഥ ലോകത്തെ പഠിപ്പിക്കുന്നു. പ്രവാചകൻ മുഹമ്മദ് അക്കാര്യം പ്രത്യേകം ഉണർത്തുകയുണ്ടായി. മനുഷ്യന് ജന്മം നല്കുക എന്ന മഹത്തായ കർമം നിർവഹിക്കുന്ന തിനാൽ ഭൂമിയിൽ ഏറെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടത് മഹതികളെയാണ്. വിശുദ്ധ ഖുർആൻ ഒട്ടേറെ സ്ഥലങ്ങളിൽ മാതാപിതാക്കളോടുള്ള കടപ്പാടുകളെപ്പറ്റി പ്രത്യേകം ഉപദേ ശിക്കുകയുണ്ടായി.

സ്ത്രീകൾ എവിടെയും ഏതു കാലത്തും അവഗണിക്കപ്പെടുന്നതിനാൽ ഖുർആൻ തന്നെ അവ ളുടെ കാര്യത്തിൽ പ്രത്യേകം പരിഗണന നല്കുകയുണ്ടായി. അതിനാലാണ് മാതാവിനെക്കാൾ മഹിത മായ ഒന്നും ഭൂമിയിലില്ലെന്നും മാതാവിന് സേവനം ചെയ്യുന്നതിലൂടെ മാത്രമേ സ്വർഗം ലഭിക്കുകയു ള്ളൂവെന്നും അത് വിധിക്കാൻ കാരണം.

*വസ്ത്രധാരണം*

മുസ്ലിം സ്ത്രീയുടെ വസ്ത്രധാരണാരീതി ഏറെ ചർച ചെയ്യപ്പെട്ട വിഷയമാണ്. മനുഷ്യനെ സൃഷ്ടിക്കുകയും അവൻെറ സുരക്ഷക്ക് ആവശ്യമായ ചുറ്റുപാടും നിയമങ്ങളും നിർമിക്കുകയും ചെയ്ത സാക്ഷാൽ ഏകദൈവം നിശ്ചയിച്ച ഒരു നടപടിക്രമത്തോട് എന്താണിത്ര വിരോധം എന്ന് മനസ്സിലാകുന്നില്ല. അതു സംബന്ധമായ വാദത്തിൽ "മതമൗലികവാദി" പരാജയപ്പെട്ടാൽ പോലും മാറ്റാനാകാത്ത ദൈവികനിയമനടപടിയാണത്. ദൈവ തീരുമാനങ്ങളെ തിരുത്താനും മാറ്റിമറിക്കാനും മനുഷ്യന് അധികാരമില്ല. അത്തരം ഏതു നീക്കവും ദൈവവിരുദ്ധമാണ് എന്നതുതന്നെ കാരണം. സ്രഷ്ടാവിനെക്കാളും വലിയതല്ലല്ലോ സൃഷ്ടികളുടെ യുക്തിയും അറിവും വ്യാഖ്യാനങ്ങളും.

തദ്വിഷയകമായി യുക്തിയുടെ വെളിച്ചത്തിൽ ഒരു സമാധാനം കിട്ടിയേ തീരൂ എങ്കിൽ നമുക്ക് ചെറിയ ഉദാഹരണത്തിലൂടെ അക്കാര്യം പരിശോധിക്കാം. രണ്ട് യുവതികൾ മാർക്കറ്റിലേക്കിറങ്ങി. അതിലൊരാൾ പർദ്ദയും മറ്റേയാൾ നിക്കറും ഷർട്ടുമാണ് ധരിച്ചിട്ടുള്ളത്. ഈ വേഷങ്ങൾ തന്നെ സ്വയം വിളിച്ചുപറയുന്ന കാര്യം പർദ്ദാധാരിണി തൻെറ ശരീരത്തെ മറ്റുള്ളവരുടെ ദൃഷ്ടിയിൽനിന്നും സ്വയം മറച്ചുവെച്ച് ദേഹസുരക്ഷ ആഗ്രഹിക്കുന്നുവെന്നും മറ്റവൾ ജനദൃഷ്ടിക്ക് സ്വയം ഒരാകർഷക വസ്തുവായി മാറാൻ കൊതിക്കുന്നുവെന്നുമാണ്. ഈ കൊതിയുടെ ഭാഗമാണ് പരപുരുഷന്മാരുമായു ള്ള ഇടകലരലും മറ്റു അനാശാസ്യപ്രവണതകളും.

സ്ത്രീയുടെ ശരീരം പൊതുജനദൃഷ്ടിയിൽനിന്നും മറച്ചുവെക്കേണ്ടതാണെന്നും അതിന് യോജിച്ച വിധത്തിലുള്ള ഏതു വസ്ത്രമായാലും അവൾ ധരിക്കണമെന്നും തീർത്തും അവളുടെ സ്രഷ്ടാവിൻെറ കല്പനയാണ്. അതംഗീകരിക്കൽ ദൈവത്തിനുള്ള അർച്ചനയുമാണ്. സ്രഷ്ടാവിനുള്ള അർച്ചനയും ആരാധനയും അനുസരണവും സൃഷ്ടികളുടെ എല്ലാവിധ ചർച്ചകൾക്കും അതീതമാണ്. എന്നാൽ അതൊരിക്കലും സ്ത്രീയുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്നതല്ല. സ്വാതന്ത്ര്യമെന്നത് ആഭാസപ്രകടനത്തി ൻെറയോ സമൂഹത്തെ നീരസപ്പെടുത്തുന്നതിൻെറയോ ഉപരി സ്രഷ്ടാവിനെ ധിക്കരിക്കുന്നതിൻെറയോ പേരല്ല. സ്വയം പ്രതിരോധിക്കുന്നത് സ്വാതന്ത്ര്യം ഹനിക്കലല്ല. വസ്ത്രധാരണം സ്വാതന്ത്ര്യനിഷേധ മാണ് എന്നു പറയുന്നത് സ്വാതന്ത്ര്യം എന്താണെന്നന്ന ചിന്തയും ബോധവും ഇല്ലാത്തതുകൊണ്ടാണ്.

ഖുർആനികവ്യവസ്ഥ പ്രകാരം പ്രായപൂർത്തിയായ സ്ത്രീ പൊതുരംഗത്തേക്കിറങ്ങുമ്പോഴും വിവാ ഹം സാധുവാകുന്ന ആരുമായും ഇടപഴകുമ്പോഴും ശരീരം പൂർണമായി മറച്ചിരിക്കണം. എന്നാൽ വിവാഹം നിഷിദ്ധമായവരുമായുള്ള- പിതാവ്, സഹോദരങ്ങൾ, പിതൃവ്യന്മാർ തുടങ്ങിയ രക്തബന്ധു ക്കൾ- സഹവാസത്തിന് ഈ നിബന്ധനയില്ല. അത് ദൈവികനിർദ്ദേശമാണ്.

ഇസ്ലാമിക വേഷം കൊണ്ട് സ്ത്രീയുടെ സുരക്ഷയാണ് ഉദ്ദേശിക്കുന്നത്. അനാശാസ്യമായ പ്രവണത ഏറിവരുന്ന ഇക്കാലത്ത് അത്തരം രീതികൾ അനിവാര്യവുമാണ്.

പരിപൂർണമായ വേഷവിധാനങ്ങളോടെ മാന്യമായ രീതിയിൽ പുറത്തേക്കിറങ്ങുവാനും ജോലിയിൽ ഏർപ്പെടുവാനും ഇസ്ലാം സ്ത്രീക്ക് സ്വാതന്ത്ര്യം നല്കുന്നുണ്ടെന്ന് സൂചിപ്പിച്ചു. എന്നാൽ അത്തരം

വസ്ത്രം തടസ്സമായി നില്ക്കുന്ന എന്തെങ്കിലും ജോലിയുണ്ടെങ്കിൽ അത് കണ്ടുപിടിക്കേണ്ടതുണ്ട്. അറബ് രാജ്യങ്ങളിലും മറ്റും മുസ്‌ലിംസ്ത്രീകൾ അത്തരം വസ്ത്രങ്ങൾ ധരിച്ച് തൊഴിൽമേഖലകളിൽ തങ്ങളുടെ സാന്നിധ്യം അറിയിക്കുന്നുണ്ട്. ഇറാനടക്കം അറേബ്യൻരാജ്യങ്ങളിലുള്ള വനിതാപൈലറ്റുക ളൊക്കെ ഇസ്‌ലാമിക രീതിയിലുള്ള വേഷം അണിഞ്ഞുകൊണ്ടുതന്നെയാണ് വിമാനം പറപ്പിക്കുന്നത്.

ഇത് ഇറാനിലെയോ മറ്റു അറേബ്യൻ നാടുകളിലെയോ മാത്രം വസ്തുതയല്ല. പല രാജ്യങ്ങളിലും ഇസ്‌ലാമിക വേഷം അണിഞ്ഞുകൊണ്ടു തന്നെയാണ് പത്രപ്രവർത്തനരംഗത്തും സാഹിത്യരംഗത്തും മന്ത്രിസഭകളിലും ശാസ്ത്രരംഗങ്ങളിലും അധ്യാപന രംഗത്തും സ്പോട്സിലും സർക്കാർ ജോലികളി ലും കോടതികളിലുമൊക്കെ മുസ്‌ലിം സ്ത്രീകൾ ജോലി ചെയ്തുകൊണ്ടിരിക്കുന്നത്.

എന്നാൽ സ്ത്രീയുടെ വേഷം ഒരു ചർച്ചയായി സമൂഹത്തിനു മുമ്പിലേക്കിടുന്നതിൽ മിക്കപ്പോഴും ത്രാണി കാണിക്കുന്നത് കമ്പോളവൽക്കരണത്തിൻെറ കുത്തകക്കാരും അവരെ ചുവടൊപ്പിച്ചു നീങ്ങുന്ന ഫെമിനിസവുമാണ്, നാം അത് മനസ്സിലാക്കുന്നില്ലെങ്കിലും. അവർക്കാവശ്യം സ്ത്രീയുടെ നഗ്നശരീര മാണ്. അതിലാണവരുടെ വാണിജ്യവിജയം. ഏതെങ്കിലും ഒരു സൗന്ദര്യ സംവർധക വസ്തുവിൻെറ നിർമാതാക്കൾ സ്പോൺസർ ചെയ്യുന്ന ലോക സൗന്ദര്യ മത്സരം എപ്പോഴും കൂടുതൽ ജനസംഖ്യയു ള്ള രാജ്യത്തിലെ "സുന്ദരി"മാർക്ക് കൊടുക്കുന്നതും ഇതേ കമ്പോളകാഴ്ചപ്പാടുകളാണ്. ലോകത്തി ൻെറ താല്പര്യങ്ങൾക്കനുസരിച്ച് നിയന്ത്രിക്കാനുള്ളതല്ലല്ലോ ദൈവത്തിൻെറ നിർദ്ദേശങ്ങൾ. വസ്ത്ര ത്തിൻെറ നീളം പരിഗണിച്ചാണ് പുരോഗതിയെങ്കിൽ ആദിവാസികളോ ഉടുമുണ്ടുപയോഗിക്കാത്തവരോ ഒക്കെയാവണം അതിന് അർഹർ.

### *അനന്തരാവകാശത്തിലെ അനീതി*

ചരിത്രത്തിൽ ആദ്യമായി സ്ത്രീക്ക് ദായധനത്തിൽ അവകാശം നിശ്ചയിച്ചത് ഖുർആനാണ്. അ ക്കാര്യം ഖുർആൻ കർശനമായി സമൂഹത്തെ ഉൽബോധിപ്പിക്കുകയുണ്ടായി. ഈ ധനത്തിൽനിന്നാകട്ടെ യാതൊരു വിധ ബാധ്യതകളും അവൾ നിർവഹിക്കേണ്ടതുമില്ല.

സ്ത്രീയുടെ അനന്തരാവകാശത്തെക്കുറിച്ച് സമൂഹത്തിലെ പലരും ആരോപണമുന്നയിക്കാറുണ്ട്: സ്ത്രീക്ക് പുരുഷൻെറ പകുതി സ്വത്തിനു മാത്രമേ അർഹതയുള്ളൂ, അത് അനീതിയാണ് എന്നൊ ക്കെ. സ്ത്രീ സ്വത്ത് സമ്പാദിക്കുന്നതിന് ഖുർആനികവ്യവസ്ഥ എതിരല്ലാത്തതുപോലെ അവളുടെ അനന്തരാവകാശ സ്വത്തിലും അത് അനീതി പുലർത്തുന്നില്ല.

ഈ വിഷയത്തിലേക്ക് വരുന്നതിനു മുമ്പ് ഒരു കാര്യം നാം മനസ്സിലാക്കണം. സ്വത്ത്, കുടുംബപരി പാലനത്തിനുള്ള മാനദണ്ഡമാണ്. അഥവാ, കുടുംബത്തിൻെറ ആവശ്യവുമായി ബന്ധപ്പെട്ട സംഗതി യാണത്. വിവാഹത്തിലേർപ്പെടുന്ന ഒരാൾ, സ്ത്രീയെയും അവളിൽ തനിക്കുണ്ടാകുന്ന കുഞ്ഞുങ്ങളെ യും സംരക്ഷിക്കും എന്ന് ശക്തമായ കരാർ ചെയ്തുകൊണ്ടാണ് കുടുംബജീവിതത്തിലേക്ക് വരു ന്നത്. ഈ കരാറിൻെറ അടിസ്ഥാനത്തിൽ കെട്ടിപ്പടുക്കപ്പെട്ടതാണ് ദാമ്പത്യജീവിതം. കുടുംബത്തിൻെറ സംരക്ഷണം ഏതെല്ലാം വിധത്തിൽ വേണമോ ആ നിലക്കെല്ലാം സംരക്ഷണം നല്കേണ്ടത് പുരുഷ ൻെറ ബാധ്യതയും ധർമവുമാണ്. സ്ത്രീ അതിന് ഉത്തരവാദിയല്ല. എന്നിരിക്കെ സ്ത്രീയുടെ മേൽ ഒരുവിധത്തിലുള്ള സാമ്പത്തിക ബാധ്യതയും വന്നു ചേരുന്നില്ല. സ്ത്രീ സമ്പത്തുള്ളവളാണെങ്കിൽ പോലും അക്കാര്യത്തിൽ അവൾ ഉത്തരവാദിയോ പുരുഷൻ അതിൽനിന്ന് സ്വതന്ത്രനോ ആകുന്നില്ല. എന്നാൽ പരസ്പര സ്നേഹത്തിൻെറ പേരിൽ ചെലവഴിക്കുന്നത് വേറെ കാര്യം. ഭർത്താവ് മരണ മടയുന്ന ഘട്ടത്തിൽ പോലും അവരുടെ ഉത്തരവാദിത്തം പിതാവ്, സഹോദരങ്ങൾ തുടങ്ങിയവരുടെ ബാധ്യതയാണ്. അപ്പോഴും സ്ത്രീയെ ആ ഉത്തരവാദിത്തം ഏല്പിക്കുന്നത് കുറ്റകരമായ സമീപനമാ ണ്. അതേയവസരം ഭക്ഷണം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം, ചികിത്സ തുടങ്ങി ഏതെങ്കിലും ഒന്ന് തനിക്ക് തടയുന്ന പക്ഷം കോടതിയെ സമീപിക്കാനുള്ള അനുവാദവും അവൾക്ക് നല്കിയിട്ടുണ്ട്.

ഇത്തരം ഒരു സാഹചര്യം മുന്നിൽ നിൽക്കെ സ്ത്രീയുടെ അനന്തരാവകാശത്തിൽ ആരോപണം ഉന്നയിക്കുന്നത് നേരത്തെ സൂചിപ്പിച്ച കമ്പോളസംസ്കാരത്തിൻെറ വകഭേദമായേ കാണാൻ പറ്റൂ.

സ്ത്രീകളോടുള്ള പെരുമാറ്റം, സഹവാസം തുടങ്ങിയ വിഷയങ്ങളിൽ അച്ചടക്കപൂർണമായ വ്യവ സ്ഥയുണ്ടാക്കിയ ഒരേയൊരു ദർശനമാണ് ഖുർആൻെറത്. മറ്റുള്ള വ്യവസ്ഥകളും പ്രത്യയശാ സ്ത്രങ്ങളും ജീവിതവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വ്യക്തമായ നിർദ്ദേശങ്ങളൊന്നും നല്കാതെ വിടുകയാണ് ചെയ്തത്. എന്നിട്ടും കല്ലെറിയപ്പെടുന്നത് ദൈവിക വ്യവസ്ഥിതിയും.

### *ഭരണരംഗത്ത്*

സ്ത്രീക്ക് ഭരണത്തിൽ പങ്കാളിയാകാമോ? ഖുർആനികവ്യവസ്ഥ അവളുടെ ഭരണസാരഥ്യത്തെ പാടെ നിരാകരിക്കുന്നില്ല. സുരക്ഷിതത്വത്തിൻെറ പേരിലുള്ള വിലക്കുകളല്ലാതെ ഭരണസാരഥ്യത്തിൽ നിന്ന് അവരെ തടയുന്ന പ്രസ്താവങ്ങളൊന്നും ഖുർആനിലില്ല. എന്നല്ല, വ്യക്തിജീവിതത്തിലും സാമൂ ഹിക ജീവിതത്തിലും അവർക്ക് പ്രത്യേകമായ പരിധികളൊന്നും അത് നിശ്ചയിച്ചിട്ടുമില്ല. വ്യവസ്ഥ യും സാഹചര്യവും തികച്ചും ന്യായയുക്തമണെങ്കിൽ സ്ത്രീകൾക്ക് ഭരണത്തിലും സാരഥ്യം വഹി ക്കാം. അതേയവസരം, ഭരണം കഠിനാദ്ധ്വാനം വേണ്ടതും സ്ത്രീയുടെ സുരക്ഷക്ക് നിരക്കാത്തതുമാ ണെങ്കിൽ അതിൽനിന്ന് അകന്നുനിൽക്കുക തന്നെ വേണം.

സ്വജനതയെ വിവേകപൂർവം നാശത്തിൽനിന്ന് രക്ഷിച്ച ബുദ്ധമതിയായ ശേബാരാജ്ഞിയുടെ കഥ ഖുർആൻ 27-ാം അദ്ധ്യാത്തിൽ വളരെ ചേതോഹരമായി വിവരിക്കുന്നുണ്ട്. ചരിത്രത്തിൽ ഒട്ടേറെ മുസ്‌ലിം വനിതകൾ ഭരണം കൈയാളിയതായി കാണാൻ സാധിക്കും.

സ്ത്രീയുടെ ഭരണസാരഥ്യത്തെക്കുറിച്ച് പണ്ഡിതന്മാര്‍ വ്യത്യസ്ത വീക്ഷണമുള്ളവരാണെന്ന കാര്യം വിസ്മരിക്കുന്നില്ല. എന്നാല്‍ തികച്ചും സദാചാരപരമായും അച്ചടക്കത്തോടെയും ന്യായമായ രീതിയില്‍ ഭരണത്തില്‍ പങ്കാളിയാകുന്നതില്‍ കുറ്റമൊന്നും കാണേണ്ടതില്ല.

ചുരുക്കത്തില്‍ സ്ത്രീകളുടെ അവകാശങ്ങളും ബാധ്യതകളും പുരുഷന്മാരുടെതിന് തുല്യംതന്നെ. എന്നാല്‍ അവ ഏകീഭാവമുള്ളതല്ല. സ്ത്രീപുരുഷ സമത്വവും ഏകീഭാവവും ഒന്നല്ല, രണ്ടാണ്. സമത്വത്തെ ഇസ്ലാം ഒന്നായി കാണുമ്പോള്‍ ഉത്തരവാദിത്തത്തെ ഏകഭാവത്തില്‍ കാണുന്നില്ല. കാരണം, ഒരു സമൂഹത്തില്‍ സ്ത്രീപുരുഷന്മാര്‍ പരസ്പര പൂരകമായാണ് നിലകൊള്ളേണ്ടത്. അതാണ് പ്രകൃതിയുടെ തേട്ടം. എന്നാല്‍ വര്‍ത്തമാന കാലഘട്ടത്തില്‍ മുസ്ലിം വിവേചനത്തിന് വിധേയയാകുന്നുവെന്നത് വസ്തുതയാണ്. അതിന് ഖുര്‍ആന്‍റെ ജീവിതവ്യവസ്ഥയെ പഴിക്കുന്നതില്‍ അര്‍ഥമില്ല. മുസ്ലിംകളുടെ സാമൂഹികജീവിതഘടനയാണ് അത്തരം പ്രവണതക്ക് നിമിത്തം.